കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് -2009 ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധസമിതിയുടെ കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ. (സാധാ) നം.3182/2020/പൊവിവ തീയതി, തിരുവനന്തപുരം, 29/11/2020.

---

പരാമർശം: 1. 19-10-2017-ലെ സ.ഉ (സാധാ) നം.3779/17/പൊവിവ
2. 03-03-2018-ലെ സ.ഉ (സാധാ) നം.941/2018/പൊവിവ
3. 03-10-2018-ലെ സ.ഉ (സാധാ) നം.3906/18/പൊവിവ
4. 08-03-2019-ലെ സ.ഉ (സാധാ) നം.923/19/പൊവിവ
5. 11-10-2019-ലെ ഡോ.എം.എ ഖാദറിന്റെ അപേക്ഷ.
6. 9-12-2019-ലെ സ.ഉ. (സാധാ) നം.5389/2019/പൊവിവ.
7. 4-6-2020, 16-7-2020 എന്നീ തീയതികളിലെ SIEMAT ഡയറക്ടറുടെ അപേക്ഷ.

**ഉത്തരവ്**

2019-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ധ സമിതിയെ പരാമർശം (1) പ്രകാരം രൂപവത്കരിക്കുകയും തുടർന്ന് പരാമർശം (2),(3) എന്നിവ പ്രകാരം സമിതിയുടെ പരിഗണനാവിഷയങ്ങൾ നിശ്ചയിക്കുകയുണ്ടായി.

2. തുടർന്ന് സമിതി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ ഉൾപ്പെടാത്ത കാര്യങ്ങൾ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനും സമിതിയുടെ കാലാവധി ദീർഘിപ്പിക്കണമെന്ന സമിതി ചെയർമാന്റെ അഭ്യർത്ഥന പ്രകാരം റിപ്പോർട്ടിന്റെ 2-ാം ഭാഗം സമർപ്പിക്കുന്നതിലേക്ക് പരാമർശം (4) പ്രകാരം വിദഗ്ധ സമിതിയുടെ കാലാവധി 2019 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയുണ്ടായി.

3. സമിതി ചെയർമാന്റെ ആരോഗ്യപരമായ കാരണങ്ങളാലും അക്കാദമിക കാര്യങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടതിനാലും ആഗസ്റ്റ് മാസത്തിനുള്ളിൽ രണ്ടാം ഭാഗം റിപ്പോർട്ട് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയത് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നുവരുന്നതായും അതിനാൽ രണ്ടാംഭാഗം റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി സമിതിയുടെ കാലാവധി 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കണമെന്ന് സമിതി ചെയർമാന്റെ അഭ്യർത്ഥന പ്രകാരം വിദഗ്ധസമിതിയുടെ കാലാവധി പരാമർശം (6) പ്രകാരം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയുണ്ടായി.

4. കൈകാര്യം ചെയ്യേണ്ട വിഷയങ്ങളുടെ വ്യാപ്തിയുടെ വ്യാപ്യതതയും റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടിവരുന്ന അധിക സമയ ആവശ്യകതയും, കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതിനും, വിവരങ്ങൾ ശേഖരിക്കുന്നതിനും, റിപ്പോർട്ട് ഡ്രാഫ്റ്റ് ചെയ്യുന്നതിനും തടസ്സങ്ങൾ നേരിട്ടതിന്റെയും അടിസ്ഥാനത്തിൽ രണ്ടാം ഭാഗം റിപ്പോർട്ട് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും കോവിഡ് വ്യാപനം ഇന്നത്തെ അവസ്ഥയിൽ തുടരുകയാണെങ്കിൽപോലും 2020 ഡിസംബർ 31-ന് മുമ്പ് റിപ്പോർട്ട് സമർപ്പിക്കുവാൻ സാധിക്കുമെന്നും അറിയിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ രണ്ടാം ഭാഗം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സമിതിയുടെ കാലാവധി 2020 ഡിസംബർ 31 വരെ ദീർഘിപ്പിക്കണമെന്ന് SIEMAT ഡയറക്ടർ പരാമർശം (7) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു SIEMAT ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം റിപ്പോർട്ടിന്റെ 2-ാം ഭാഗം സമർപ്പിക്കുന്നതിലേയ്ക്ക് വിദഗ്ധ സമിതിയുടെ കാലാവധി 2020 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡോ.എം.എ.ഖാദർ, ചെയർമാൻ ,2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധസമിതി (0/0 ഡയറക്ടർ, സീമാറ്റ്)

ശ്രീ. ജ്യോതി ചൂഡൻ(റിട്ട.സ്പെഷ്യൽ സെക്രട്ടറി,നിയമവകുപ്പ്), മെമ്പർ, ഡോ.എം.എ.ഖാദർ കമ്മിറ്റി (0/0 ഡയറക്ടർ, സീമാറ്റ്)

ഡോ.സി.രാമകൃഷ്ണൻ, പാലാട്ട് ഹൗസ്, പീലിക്കോട്.പി.ഒ, കാസർഗോഡ്, മെമ്പർ, ഡോ.എം.എ.ഖാദർ കമ്മിറ്റി (0/0 ഡയറക്ടർ, സീമാറ്റ്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി@ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/ സെക്ഷനുകളിലേക്കും

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. ക്ക്